# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 05 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

### സന്നിധാനത്ത് തിരിച്ചറിയൽ കാർഡ് വിതരണക്കാർ തിരക്കിലാണ്

ശബരിമല തീർഥാടനകാലം അല്ലലില്ലാതെ മുന്നോട്ടുപോവുന്നതിന് പിന്നിൽ നിശ്ശബ്ദമായി ജോലി ചെയ്യുന്ന ഒരു പാടുപേരു ്. അവരിൽ ഒരു കൂട്ടരാണ് ദേവസ്വം ബോർഡ് വിജിലൻസിന് കീഴിലുള്ള തിരിച്ചറിയൽ കാർഡ് വിതരണ വിഭാഗം. ഈ തീർഥാടന കാലത്ത് ഇതുവരെ 7625 തിരിച്ചറിയൽ കാർഡുകളാണ് നൽകിയത്. ഇതിൽ സർക്കാർ ജീവനക്കാർ മുതൽ ദേവസ്വം ജീവനക്കാർ, കച്ചവടക്കാർ, അവരുടെ തൊഴിലാളികൾ, ദിവസ വേതനക്കാർ, ശബരിമല അയ്യപ്പസേവാ സമാജം, അഖില ഭാരതീയ അയ്യപ്പ സേവാസംഘം തുടങ്ങിയ എൻ.ജി.ഒകൾ, മാധ്യമ പ്രവർത്തകർ, ശബരിമല സാനിറ്റേഷൻ സൊസൈറ്റി, താൽക്കാലിക സെക്യൂരിറ്റി ഗാർഡുകൾ തുടങ്ങി ഡോളി ചുമട്ടുകാർ വരെയുള്ളവർ വരെയു ്. സന്നിധാനം ഫെസ്റ്റിവൽ കൺട്രോൾ ഓഫീസിന് സമീപത്തെ തിരിച്ചറിയൽ കാർഡ് സെക്ഷനിൽനിന്നാണ് സന്നിധാനത്തെയും പമ്പയിലെയും മുഴുവൻ തിരിച്ചറിയൽ കാർഡുകളും നൽകുന്നത്. ദേവസ്വം വിജിലൻസ് വിഭാഗം പരിശോധിച്ച് ദേവസ്വം വിജിലൻസ് എസ്.പി ഒപ്പിട്ടാണ് കാർഡുകൾ നൽകുന്നത്. ഒരു തീർഥാടനകാലമാണ് കാർഡിന്റെ കാലപരിധി.

ഇത്തവണ ഏറ്റവും കൂടുതൽ കാർഡുകൾ നൽകിയത് ദിവസ വേതനക്കാർക്കാണ്-2333 പേർക്ക്. കച്ചവടവുമായി ബന്ധപ്പെട്ട 1858 പേർക്കും 1052 സർക്കാർ ഉദ്യോഗസ്ഥർക്കും കാർഡ് നൽകി. ശബരിമല സാനിറ്റേഷൻ സൊസൈറ്റി-912, എൻ.ജി.ഒ-885, ഡോളി-84, ദേവസ്വം ജീവനക്കാർ-73, താൽക്കാലിക സെക്യൂരിറ്റി ഗാർഡുകൾ-68 എന്നിങ്ങനെയാണ് ഇതുവരെ കാർഡ് നൽകിയത്. ഈ സീസണിൽ 15000 ഓളം കാർഡുകൾ വിതരണം ചെയ്യേ ി വരുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ തവണ ഇത് 13000 ആയിരുന്നു.

ഓരോ ജീവനക്കാരുടെയും തിരിച്ചറിയൽ കാർഡിന്റെ ടാഗുകൾ കൊ ് ഏത് വിഭാഗമെന്ന് ഇത്തവണ മുതൽ തിരിച്ചറിയാം എന്ന പ്രത്യേകതയുമു ്. സർക്കാർ ജീവനക്കാരുടെ കാർഡിന്റെ ടാഗ് നീലയാണ്. ദിവസ വേതനക്കാർക്ക് ഓറഞ്ചാണ് നിറം. കച്ചവടക്കാർ-പച്ച, സാനിറ്റേഷൻ സൊസൈറ്റി-കറുപ്പ്, മാധ്യമ പ്രവർത്തകർ-വെള്ള, എൻ.ജി.ഒ-ചുവപ്പ് എന്നിങ്ങനെയാണ് ടാഗിന്റെ നിറങ്ങൾ. കഴിഞ്ഞ തവണ വരെ എല്ലാവർക്കും ഒരേ നിറത്തിലുള്ള ടാഗായിരുന്നു.

വിജിലൻസ് എസ്.ഐ മനു മേനോന്റെ കീഴിൽ 11 ജീവനക്കാരാണ് കാർഡ് വിതരണത്തിനായി രാവിലെ ഒമ്പത് മുതൽ രാത്രി 11 മണി വരെ കർമ്മനിരതരായിട്ടുള്ളത്. സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർക്ക് ലെറ്റർ ഹെഡിലുള്ള അപേക്ഷയും ഫോട്ടോയും നൽകിയാൽ കാർഡ് ലഭിക്കും. എൻ.ജി.ഒകൾക്കും മറ്റും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ആധാർ നമ്പറും ഫോട്ടോയും വേണം.

(പി.ആർ. ശബരി-121)

## സുരക്ഷയും ഭക്തിയും കോർത്ത് അഗ്നിശമന സേനയുടെ അർച്ചന

സുരക്ഷയുടെ സന്ദേശങ്ങളും ഭക്തിഗാനങ്ങളും ഇഴചേർത്ത് സന്നിധാനം ശ്രീധർമ്മ ശാസ്താ ഓഡിറ്റോറിയത്തിൽ അഗ്നിശമന, രക്ഷാസേനയുടെ അർച്ചന ഭക്തരെ ആകർഷിച്ചു. 'വിഘ്നേശ്വരാ ജൻമനാളികേരം നിന്റെ തൃക്കാൽക്കലുടയ്ക്കുവാൻ വന്നൂ...' എന്ന ഭക്തിഗാനത്തോടെയായിരുന്നു തുടക്കം. തുടർന്ന് തൊ യിൽ കുടുങ്ങിയ ഭക്ഷണം പുറത്തെടുത്ത് എങ്ങിനെ ഒരാളുടെ ജീവൻ രക്ഷിക്കാൻ കഴിയുമെന്ന് ഫയർമാൻമാർ അവതരിപ്പിച്ചു. പാമ്പുകടിയേറ്റാൽ എങ്ങിനെ ജീവൻ രക്ഷിക്കാം, പാചക വാതക സിലി ർ കൈകാര്യം ചെയ്യേ വിധം, ചോർച്ചയു ായി തീപിടിച്ചാൽ എങ്ങിനെ അണക്കാം, കൃത്രിമ ശ്വാസോച്ഛ്വാസം നൽകുന്ന വിധം, ഫയർ എക്സിറ്റിംഗിഷറിന്റെ പ്രവർത്തനം എന്നിവയും കയർ കെട്ടി നടത്തുന്ന രക്ഷാപ്രവർത്തനവും അവതരിപ്പിച്ചത് കാണികൾക്ക് ഏറെ അറിവ് നൽകുന്നതായി. ബോധവത്കരണത്തിന്റെ ഇടവേളകളിലായിരുന്നു ഭക്തിഗാനങ്ങളുടെ അവതരണം.

കൂടാതെ സന്നിധാനത്ത് എത്തുന്ന അയ്യപ്പഭക്തരുടെ സുരക്ഷയ്ക്കായി അഗ് നിശമന, രക്ഷാസേന നിർദേശിക്കുന്ന അഷ്ടസുരക്ഷാ മാർഗനിർദേശങ്ങളും

നൽകി. ഈ മാർഗനിർദേശങ്ങൾ മധുരയിൽനിന്നുള്ള മണികണ്ഠ സ്വാമി വിഘ്നേഷ് തീർഥാടകർക്കായി തമിഴിൽ വായിച്ചുനൽകി.
സന്നിധാനം അഗ്നിശമന, രക്ഷാസേന ജില്ലാ ഫയർ ഓഫീസർ എസ്. ദിലീപ്, സ്റ്റേഷൻ ഓഫീസർ എസ്. അജിത് കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് ബുധനാഴ്ച രാത്രി പരിപാടി അവതരിപ്പിച്ചത്.

(പി.ആർ. ശബരി-122)

## പതിറ്റാ ് പിന്നിട്ട് സന്നിധാനത്ത് ഭാഗവത പാരായണം

ശബരിമല സന്നിധാനത്ത് ശ്രീധർമ്മശാസ്ത ഓഡിറ്റോറിയത്തിൽ പുരാണ പാരായണ കലാസംഘടനയുടെ ഭാഗവത പാരായണം പതിറ്റാ ് പിന്നിട്ടു. 41 ദിവസം മുടങ്ങാതെയാണ് ഭാഗവത പാരായണം നടപ്പന്തലിനെ കൂടുതൽ ഭക്തിസാന്ദ്രമാക്കുന്നത്. സംഘടനയുടെ നേതൃത്വത്തിലുള്ള ഭാഗവത പാരായണം 2004ൽ തുടങ്ങിയതാണ്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽനിന്നുള്ളവർ ഇതിൽ പങ്കാളികളാവുന്നു. രാവിടെ എട്ട്മണി മുതൽ ഉച്ചയ്ക്ക് 12വരെയും ഉച്ചയ്ക്ക് ശേഷം ര ്മണി മുതൽ നാലുമണിവരെയുമാണ് പാരായണം. നിലവിൽ കൊല്ലം കരുനാഗപ്പള്ളി സ്വദേശി രാജൻ, കൊട്ടാരക്കരയിലെ കലാമണ്ഡലം രാധാമണി ടീച്ചർ, വെള്ളനാട് സ്വദേശിനികളായ സത്യഭാമ, ചന്ദ്രിക, നെടുമങ്ങാട് സ്വദേശിനി സത്യഭാമ എന്നിവരാണ് ഭാഗവത പാരായണത്തിലേർപ്പെട്ടിരിക്കുന്നത്.

(പി.ആർ. ശബരി-123)

## ഫോട്ടോ അടിക്കുറിപ്പ്

ശബരിഫോട്ടോസ് 106-106 b
ദേവസ്വം ബോർഡ് വിജിലൻസിന് കീഴിലുള്ള തിരിച്ചറിയൽ കാർഡ് വിതരണ വിഭാഗം

ശബരി ഫോട്ടോസ് 107-107 a
ശബരിമല സന്നിധാനം ശ്രീധർമ്മശാസ്ത ഓഡിറ്റോറിയത്തിൽ നടന്ന അഗ്നിശമന, രക്ഷാസേനയുടെ ബോധവത്കരണ പരിപാടി

ശബരിഫോട്ടോസ് 108-108 a
ശബരിമല സന്നിധാനത്ത് ശ്രീധർമ്മശാസ്ത ഓഡിറ്റോറിയത്തിൽ പുരാണ പാരായണ കലാസംഘടനയുടെ ഭാഗവത പാരായണം

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 05 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### സന്നിധാനത്ത് വെള്ളിയാഴ്ച വരെ സുരക്ഷാക്രമീകരണം നിലവിൽ വന്നു

മുൻകരുതലിന്റെ ഭാഗമായി ശബരിമല സന്നിധാനത്ത് വ്യാഴാഴ്ച (ഡിസംബർ അഞ്ച്) ഉച്ച മുതൽ വെള്ളിയാഴ്ച (ഡിസംബർ ആറ്) രാത്രി നടയടക്കുംവരെ കൂടുതൽ സുരക്ഷാ ക്രമീകരണം നിലവിൽവന്നതായി സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ഡോ. എ. ശ്രീനിവാസ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ദേവസ്വം ആചാരങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധമായിരിക്കും നിയന്ത്രണം. അതേസമയം, വി.വി.ഐ.പി ദർശനം നിരുത്സാഹപ്പെടുത്തും. ആചാരങ്ങൾക്കും സുരക്ഷയ്ക്കും ഭംഗമില്ലാത്ത രീതിയിൽ തീർഥാടകർക്ക് ദർശനത്തിന് സൗകര്യം ഉ ായിരിക്കും. ഡിസംബർ ആറിന് ഒരു ദിവസത്തേക്ക് പതിനെട്ടാംപടി കയറി സോപാനത്ത് ഇടതുവശത്ത് നെയ്ത്തേങ്ങ ഉടയ്ക്കുന്നതിന് അനുവദിക്കില്ല. മാളികപ്പുറത്തേക്ക് പോകുന്ന വഴിയിൽ നെയ്ത്തോണിയിൽ നെയ്ത്തേങ്ങ ഉടയ്ക്കാം.

സന്നിധാനത്ത് ഹൈപോയിൻറ് ബൈനോക്കുലർ മോണിറ്ററിംഗ് ഉ ാവും. ആകാശ നിരീക്ഷണം നടത്തിയിട്ടു ്. വ്യാഴാഴ്ച രാത്രി നട അടച്ച ശേഷം സോപാനത്ത് കർശനമായി ബോംബ് സ്ക്വാഡ് പരിശോധന നടത്തും.

കൂടുതൽ പോലീസിനെ സുരക്ഷയ്ക്കായി വിന്യസിച്ചിട്ടില്ല. സേവന സമയം കൂട്ടി നൽകും. സന്നിധാനത്ത് വെള്ളം സംഭരിച്ച എല്ലാ സ്ഥലങ്ങളിലും പോലീസിനെ വിന്യസിക്കും. എല്ലായിടത്തും ഫയർഫോഴ്സിന്റെയും ബോംബ് സ്ക്വാഡിന്റെയും പ്രത്യേക പരിശോധന ഉ ായിരിക്കും.
സന്നിധാനത്ത് എല്ലാ വകുപ്പുകളുടെയും സേവനത്തിന് മതിയായ ജീവനക്കാർ ഉ ന്ന് ഉറപ്പാക്കും. എല്ലാ ജീവനക്കാരും തിരിച്ചറിയൽ കാർഡ് ധരിക്കണം. ട്രാക്ടറുകൾ പമ്പയിൽ പരിശോധിക്കുന്നത് തുടരും. ഇതിന് പുറമെ വ്യാഴാഴ്ച ഉച്ച മുതൽ മരക്കൂട്ടത്ത് ട്രാക്ടറുകൾ ര ാമതും പരിശോധിക്കുമെന്നും അറിയിച്ചു.
എൻ.ഡി.ആർ.എഫ് ഡെപ്യൂട്ടി കമാൻഡൻറ് ജി.വിജയൻ, ആർ.എ.എഫ് ഡെപ്യൂട്ടി കമാൻഡൻറ് ജി. ദിനേശ്, ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, ഡ്യൂട്ടി മജിസ്ട്രേറ്റ് എം.പി. വിനോദ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് സി.എസ് അനിൽ, എ.എസ്.ഒ ബിജു ഭാസ്കർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

(പി.ആർ. ശബരി–124)

## നടപ്പന്തൽ അവസാനം മുതൽ മാളികപ്പുറത്ത് നിന്ന് ഇറങ്ങും വരെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്യണം

ശബരിമല സന്നിധാനത്ത് സുരക്ഷയുടെ ഭാഗമായി നടപ്പന്തലിൽ പടി കയറുന്നതിന് മുമ്പായി മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്യണമെന്ന് സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ഡോ. എ. ശ്രീനിവാസ് അറിയിച്ചു. ഇതിന് പ്രചാരണം നൽകാനായി ഡിജിറ്റൽ ഡിസ്പ്ലേ സ്ഥാപിക്കും. കൂടാതെ, ഡ്യൂട്ടിയിലുള്ള പോലീസുകാർ ഇക്കാര്യം തീർഥാടകരെ അറിയിക്കും. മാളികപ്പുറത്ത്നിന്ന് ഇറങ്ങിപ്പോവുന്നത് വരെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്യണമെന്നും അദ്ദേഹം അറിയിച്ചു. തിരുവിതാംകൂർ ദേവസ്വംബോർഡ് എക്സിക്യൂട്ടിവ് ഓഫീസർ കൂടി പങ്കെടുത്ത യോഗത്തിന്റെ തീരുമാനമായാണ് സ്പെഷൽ ഓഫീസർ ഇക്കാര്യം അറിയിച്ചത്.

(പി.ആർ. ശബരി–125)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 05 | 2019 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### സന്നിധാനത്ത് കേന്ദ്ര-കേരള സേനകൾ സംയുക്ത റൂട്ട് മാർച്ച് നടത്തി

ശബരിമലയിൽ സുരക്ഷാ സന്നാഹം ശക്തമാക്കിയതിന്റെ ഭാഗമായി സന്നിധാനത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ കേന്ദ്ര-കേരള സേനകൾ സംയുക്ത റൂട്ട് മാർച്ച് നടത്തി. ഇതോടൊപ്പം ബോംബ് ഡിസ്പോസൽ ആൻഡ് ഡിറ്റക്ഷൻ സ്ക്വാഡ് വ്യാപകമായ പരിശോധനകളും നടത്തി. നാഷനൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (എൻ.ഡി.ആർ.എഫ്), റാപ്പിഡ് ആക്ഷൻ ഫോഴ്സ് (ആർ.എ.എഫ്), കേരള പോലീസ് സേന, കേരള പോലീസിന്റെ കമാൻഡോകൾ, റാപ്പിഡ് റെസ്പോൺസ് റെസ്ക്യു ഫോഴ്സ്, ക്വിക് റെസ്പോൺസ് ടീം എന്നീ സേനാവിഭാഗങ്ങളാണ് റൂട്ട് മാർച്ച് നടത്തിയത്. സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ഡോ. എ. ശ്രീനിവാസ്, എൻ.ഡി.ആർ.എഫ് ഡെപ്യൂട്ടി കമാൻഡൻറ് ജി.വിജയൻ, ആർ.എ.എഫ് ഡെപ്യൂട്ടി കമാൻഡൻറ് ജി. ദിനേശ്, കമാൻഡോ ഇൻസ്പെക്ടർ വി.ജി. അജിത് കുമാർ, ഡ്യൂട്ടി മജിസ്ട്രേറ്റ് എം.പി. വിനോദ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു സുരക്ഷാ പരിശോധന നടത്തിയത്.
സന്നിധാനം വാവർ നടയിൽനിന്നാരംഭിച്ച റൂട്ട് മാർച്ച് കൊപ്രക്കളം വഴി പാ ിത്താവളം ഉരൽക്കുഴി വരെ പരിശോധന നടത്തി. തുടർന്ന് മാഗു നിലയം വഴി അന്നദാന കേന്ദ്രത്തിലെത്തി. അവിടെനിന്ന് ഭസ്മക്കുളം,

ബെയിലി പാലം വഴി ചന്ദ്രാനന്ദൻ റോഡ് വഴി മരക്കൂട്ടത്തിലെത്തി. തിരിച്ച് ശരംകുത്തി വഴി വലിയ നടപ്പന്തലിൽ പ്രവേശിച്ച് കൊപ്രക്കളം വഴി പുതിയ ഫോറസ്റ്റ് ഐ.ബി വരെ മാർച്ച് ചെയ്ത് വാവര് നടയിൽ സമാപിച്ചു. ഡിസംബർ ആറിന് രാജ്യവ്യാപകമായി നടത്തുന്ന സുരക്ഷാ പരിശോധനകളുടെ ഭാഗമായിട്ടാണ് സന്നിധാനത്ത് റൂട്ട് മാർച്ച് നടത്തിയത്.

(പി.ആർ. ശബരി-126)

## പുണ്യം പൂങ്കാവനം: സന്നിധാനത്തെ 14 മേഖലകളാക്കി തിരിച്ച് ശുചീകരണം

പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി എല്ലാ ദിവസവും രാവിലെ ഒരു മണിക്കൂർ ശുചീകരണ യജ്ഞം നടത്തുന്നത് സന്നിധാനത്തെ 14 മേഖലകളാക്കി തിരിച്ച്. തിരുമുറ്റം, മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവർ എന്നിവയാണ് ആദ്യ ഭാഗം. ര ാമത്തേത് പതിനെട്ടാംപടിയുടെ തെക്കുഭാഗം, തിരുമുറ്റത്തിന്റെ താഴെ, പ്രസാദ മണ്ഡപം എന്നിവ. മാളികപ്പുറം, താഴെ തിരുമുറ്റം; നടപ്പന്തൽ; നടപ്പന്തൽ-ജീപ്പ് റോഡ്; ജീപ്പ് റോഡ്-മരക്കൂട്ടം; ശരംകുത്തി വഴി ജീപ്പ് റോഡ്-മരക്കൂട്ടം; ബെയിലി പാലവും പരിസരവും, യു ടേൺ; പോലീസ് മെസ്, ബാരക്ക്, പരിസരം, അന്നദാന മണ്ഡപം; പാ ിത്താവളത്തിലേക്ക് പോവുന്ന ബി.എസ്.എൻ.എൽ ഓഫീസ് വരെയുള്ള 108 പടികൾ; ഗസ്റ്റ് ഹൗസ്, കൊപ്രക്കളം; ദേവസ്വം മെസ്, സ്റ്റാഫ് ക്വാർട്ടേഴ്സ്; പോസ്റ്റ് ഓഫീസ് മേഖല, അന്നദാന മണ്ഡപം, പാ ിത്താവളം, മാഗു  നിലയം, എൻ.എസ്.എസ് ആശുപത്രി, പൂർണ-പുഷ്കല ഡോണർ ഹൗസ്, വാട്ടർ ടാങ്ക്, ചെക്ക് പോസ്റ്റ് എന്നിവയാണ് മറ്റ് മേഖലകൾ.

വ്യാഴാഴ്ച നടന്ന ശുചീകരണത്തിനും ബോധവത്കരണത്തിനും എൻ.ഡി.ആർ.എഫ് ഡെപ്യൂട്ടി കമാൻഡൻറ് ജി.വിജയൻ, ആർ.എ.എഫ് ഡെപ്യൂട്ടി കമാൻഡൻറ് ജി. ദിനേശ്, പുണ്യം പൂങ്കാവനം കോ ഓർഡിനേറ്റർ വി. അനിൽകുമാർ, റിട്ട. ഇൻസ്പെക്ടർ മോഹൻകുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

(പി.ആർ. ശബരി-127)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 05 | 2019 |



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### ശബരിമല നാളത്തെ (06.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.15 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും
വൈകുന്നേരം 4 മണിയ്ക്ക് നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.